## ഹദീസ്

അബ്ദുർറശീദ് നദ്‌വി

# വ്യക്തിത്വ വികാസം

عَنْ عَبْدَ اللَّهِ بْنَ عُمَرَ ـ رضى الله عنهما ـ قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ : إِنَّمَا النَّاسُ كَالإِبِلِ الْمِائَةِ لاَ تَكَادُ تَجِدُ فِيهَا رَاحِلَةً

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞതായി ഞാൻ കേട്ടു: 'തീർച്ചയായും ജനങ്ങൾ നൂറ് ഒട്ടകം പോലെയാണ്. എന്നാലോ, അവയിൽ വാഹനത്തിന് പറ്റുന്ന ഒന്നുപോലുമില്ല' (ബുഖാരി).**

ഈ നബിവചനത്തിൽ മനുഷ്യരുടെ പൊതു അവസ്ഥാവിശേഷമാണ് പ്രതിപാദിക്കപ്പെടുന്നത്. മനുഷ്യനെ ഒട്ടകത്തോട് ഉപമിച്ചിരിക്കുകയാണ് ഉപര്യുക്ത ഹദീസ്. എല്ലാ ഒട്ടകങ്ങളെയും വാഹനത്തിന് ഉപയോഗിക്കാൻ പറ്റാത്തതുപോലെ തന്നെയാണ് മനുഷ്യരുടെ കാര്യവും. മനുഷ്യർ ധാരാളമുണ്ട്. എന്നാൽ, എന്തിനും പറ്റാവുന്നവർ തുലോം വിരളമാണ് എന്ന് സാരം.

സാമൂഹിക ജീവിയെന്ന നിലക്ക് മനുഷ്യന് ഒട്ടേറെ ബാധ്യതകളും കടമകളും നിർവഹിക്കാനുണ്ട്. അതിന് ഭൗതികവും പാരത്രികമായ തലങ്ങളുമുണ്ട്. സൽസ്വഭാവികളും സൽഗുണ സമ്പന്നരുമായ ആളുകളുണ്ടാവുമെങ്കിലും അവരിൽ ജനങ്ങൾക്കുപകാരപ്രദമായ പ്രവൃത്തികൾ ചെയ്യുന്ന വ്യക്തികൾ. വളരെ വിരളമായിരിക്കുമെന്നാണ് പ്രവാചകൻ ഒട്ടകത്തിന്റെ ഉപമയിലൂടെ നമ്മോട് പറയുന്നത്.

സമഗ്രവും സമ്പൂർണവുമായ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുക എന്നതാണ് ഓരോ മനുഷ്യന്റെയും ജീവിത നിയോഗമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ആ ലക്ഷ്യവും ഉദ്ദേശ്യവും പൂർത്തീകരിക്കുക നമ്മുടെ ബാധ്യതയാണ്. ജനങ്ങൾക്കിടയിൽ എല്ലാ വിശേഷണങ്ങളും സമ്പൂർണമായും ഒത്തിണങ്ങിയ ആളുകൾ നന്നേ കുറവായിരിക്കും. ഓരോ മനുഷ്യന്റെയും ബുദ്ധിയും ചിന്താശേഷിയും വ്യത്യസ്തമാണല്ലോ. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും വ്യത്യസ്തമായ ദൗത്യമാണ് ഈ ഭൂമിയിൽ നിർവഹിക്കാനുള്ളത്. എല്ലാ ആളുകളും തങ്ങളുടെ ദൗത്യമെന്താണെന്ന് തിരിച്ചറിഞ്ഞിരുന്നെങ്കിൽ സമൂഹം ഇന്ന് കാണുന്ന അധോഗതിയിലേക്കെത്തുമായിരുന്നില്ല. സാമൂഹിക ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്നവരെ മൊത്തം ജനസംഖ്യയോട് തുലനം ചെയ്താൽ നന്നേ കുറവ് ആളുകളെ മാത്രമേ ഈ മേഖലയിൽ കാണാനാവൂ. പൊതുവെ നന്മയോടൊപ്പം കുറച്ച് പേരേ മാത്രമേ കാണൂ. മുസ്‌ലിം സമൂഹത്തിന്റെ ആരാധനാകേന്ദ്രങ്ങളായി ഇന്ന് എണ്ണമറ്റ പള്ളികളുണ്ട്. എന്നാൽ, അവയിലേക്ക് നമസ്കാരത്തിന് കൃത്യമായി എത്തുന്നവരുടെ എണ്ണം എത്രയുണ്ട്! ഇമാം ബുഖാരി മേൽ ഹദീസിനെ 'റഫ്ഉൽ അമാനത്ത്' (ചുമതലാബോധം ഇല്ലാതാവൽ) എന്ന അധ്യായത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വാസ്യതാ നഷ്ടത്തിന്റെ ഗൗരവം പരിഗണിച്ചാണ് പ്രസ്തുത ഗണത്തിൽ ഈ ഹദീസിനെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജനങ്ങളൊക്കെ ധാരാളമുണ്ട്. പക്ഷേ, കൊള്ളുന്നവരും കൂട്ടുകൂടാൻ പറ്റിയവരും, അമാനത്തുള്ളവരും വളരെ കുറവാണ് എന്ന് 'ഫത്ഹുൽ ബാരി' പോലുള്ള വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഈ ഹദീസിനെ വിശദീകരിച്ചിരിക്കുന്നു. വ്യക്തിത്വ ശ്രേഷ്ഠതയും സദ്ഗുണ സമ്പന്നതയുമൊക്കെ സമൂഹത്തിലും വേറിട്ടും വ്യതിരിക്തമായും തന്നെ കാണാൻ പറ്റും. കൂടുതൽ ആളുകളുണ്ടാവുകയെന്നതല്ല പ്രധാനം, യോഗ്യരും അനുയോജ്യരുമായവരുണ്ടാവുകയെന്നതാണ്. ഇത് രാഷ്ട്രീയ-സാംസ്കാരിക-മത-സാമൂഹിക മേഖലകളിൽ പ്രയോഗതലത്തിൽ കൊണ്ടുവരേണ്ടതുമാണ്. അതിനാൽ വ്യക്തിത്വം മെച്ചപ്പെടുത്തി സമൂഹത്തിനും ദീനിനും ഗുണമുള്ളവരായി മാറാൻ നാം നിരന്തരം പരിശ്രമിക്കുക. ●